# സ്നേഹത്തോടെ മലർവാടിക്ക്...



ഫെബ്രുവരി ലക്കം മലർവാടിയിൽ പ്രസിദ്ധീകരിച്ച 'ബാലക്നാമ, തെരുവ് കുട്ടികളുടെ പത്രം' എന്ന ലേഖനം വളരെയധികം ഉപകാരപ്രദമായി. അതിനെക്കുറിച്ച് കൂടുതൽ അറിവ് ലഭിക്കുകയും ചെയ്തു.

മുമ്പ് പത്രത്തിൽ ഇതേപറ്റി ഞാൻ വായിച്ചിരുന്നു. പക്ഷേ, അത്ര വിശദമായി അതിൽ ഉണ്ടായിരുന്നില്ല. തെരുവു കുട്ടികളുടെ കഷ്ടപ്പാടിനെക്കുറിച്ച് കൂടുതൽ അറിഞ്ഞതോടെ എനിക്ക് വളരെയധികം സങ്കടം തോന്നി. ഈ പത്രത്തിലൂടെ പത്രപ്രവർത്തകരാകാൻ ആഗ്രഹിക്കുന്ന ഓരോ തെരുവ് കുട്ടിക്കും അവരുടെ ആഗ്രഹം നിറവേറ്റാൻ സാധിക്കട്ടെ എന്നാശംസിക്കുന്നു.

**ദിൽഷ കെ**
**ക്ലാസ്– 8**
**ജി.ജി.എം.ജി. എച്ച്.എസ്.എസ്**
**ചാലപ്പുറം, കോഴിക്കോട്**




പ്രിയപ്പെട്ട മലർവാടി,

ഫെബ്രുവരി ലക്കത്തിൽ സിറിയൻ അഭയാർത്ഥി ക്യാമ്പിലെ കുരുന്നുകളുടെ സങ്കടങ്ങൾ വായിച്ചറിഞ്ഞു. ഒരുപാട് രാജ്യങ്ങളിൽ കുരുന്നുകൾ ക്രൂരമായി കൊല ചെയ്യപ്പെടുന്നു.

നമ്മൾക്കുള്ള പഠന സൗകര്യങ്ങളും കളികളും അവർക്കിന്നില്ല. സിറിയയിലെ ഒമ്രാനെക്കുറിച്ച് ഞാൻ പത്രത്തിൽ വായിച്ചിട്ടുണ്ട്.

ഞങ്ങൾ അനുഭവിക്കുന്ന സുഖം ദൈവം അവർക്കും നൽകണേ എന്ന് പ്രാർത്ഥിക്കുന്നു.

**അമീൻ യാസിർ കെ.പി**
**ക്ലാസ്– 5**
**ജി.യു.പി.എസ്**
**കല്ലായി**

പ്രിയപ്പെട്ട മലർവാടിക്ക്,

ഫെബ്രുവരി ലക്കത്തിലെ 'ബാലക് നാമ'എന്ന ലേഖനം എനിക്ക് വളരെ ഇഷ്ടപ്പെട്ടു. മലർവാടിയിൽ വരുന്ന ഫൂട്ട്നോട്ടുകൾ എനിക്ക് വളരെയധികം പ്രയോജനപ്പെട്ടു. മലർവാടിയുടെ പരിപാടികൾ ഞങ്ങളുടെ സ്കൂളിൽ നടക്കാറുണ്ട്. അതിൽ ചിലതിൽ ഞാൻ പങ്കെടുക്കാറുമുണ്ട്.

**ബാസിൽ സനാൻ**
**ക്ലാസ്– 5**
**അൽ ഹറമൈൻ ഇംഗ്ലീഷ് സ്കൂൾ**
**പുതിയങ്ങാടി**



മികച്ച കത്ത്

ഈ ലക്കത്തിലെ സമ്മാനാർഹമായ കത്ത് എഴുതിയത് **ദിൽഷ. കെ** ആണ്. കത്തെഴുതിയ കൂട്ടുകാർക്കെല്ലാം മലർവാടിയുടെ അഭിനന്ദനങ്ങൾ.

പ്രിയ മലർവാടിക്ക്,

ഫെബ്രുവരി ലക്കത്തെ 'പൂമ്പാറ്റകൾക്കു പിന്നാലെ പായാൻ എത്ര കൊതിയുണ്ടെന്നോ'' എന്ന ഭാഗം എന്നെ ദുഃഖത്തിലാഴ്ത്തി.

സന്തോഷത്തിൻ ചിരിയുണരേണ്ടിടത്ത് ദുഃഖത്തിൻ കണ്ണീരാണ് അവരുടെ മനസ്സിൽ മുഴുവനും. യുദ്ധങ്ങളും വൻ ബഹളങ്ങളും ഉള്ള സിറിയൻ അഭയാർത്ഥി ക്യാമ്പിലെ കുഞ്ഞുങ്ങളുടെ അവസ്ഥയാണിത്.

കൊക്കം തുള്ളലും കണ്ണുപൊത്തിക്കളിക്കലും ഒന്നും തന്നെ അവർക്കില്ല. എന്നും ദുഃഖത്തിന്റെ ദിശയിലാണ് അവരുടെ യാത്ര. ഇങ്ങനെയും ഉള്ള കുട്ടികളുണ്ടെന്ന് കാണിച്ചു തന്ന മലർവാടിക്ക് നന്ദി

**മുഹമ്മദ് ഷാമിൽ ടി**
**ക്ലാസ്– 10**
**ജി.വി.എച്ച്. എസ്. എസ്**
**അത്തോളി**